**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 352 — 4. 2. 2013 - ൽ മറുപടിക്ക്

**സംസ്ഥാന വിജിലൻസ് ആസ്ഥാനത്ത് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാന വിജിലൻസ് ആസ്ഥാനത്ത് ടോൾഫ്രീ നമ്പർ 8592900900 വഴി ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; ഇതിനകം ലഭിച്ച പരാതികൾ എത്ര; | (എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ടോൾഫ്രീ നമ്പർ വഴി നാളിതുവരെ 749 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) എത്ര പരാതികളെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തുക ഉണ്ടായി; അന്വേഷണം നടന്നിട്ടില്ലാത്ത പരാതികളുടെ എണ്ണം എത്ര; | (ബി) ലഭിച്ച എല്ലാ പരാതികളിന്മേലും പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) പ്രാഥമിക അന്വേഷണത്തിൽ അഴിമതി നടന്നു എന്നു സൂചനയുള്ള എത്ര പരാതികൾ തുടർ അന്വേഷണത്തിനായി വിട്ടു; | (സി) പ്രാഥമിക അന്വേഷണത്തിൽ അഴിമതി നടന്നു എന്ന് സൂചനയുള്ള 17 പരാതികൾ തുടരന്വേഷണത്തിനായി ( മിന്നൽ പരിശോധന) അയച്ചിട്ടുണ്ട്. |
| (ഡി) ടോൾ ഫ്രീ നമ്പറിൽ വിളിച്ച ആർക്കെങ്കിലും വിശദമായി പരാതി പറയാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; പരാതിപ്പെടാൻ മുന്നോട്ട് വരുന്നവരുടെ പേര് വിവരം പുറത്ത് വിടുന്നതിനാൽ ഭീഷണി ഭയന്ന് പരാതികൾ പറയാതിരിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ ? | (ഡി) ടോൾഫ്രീ നമ്പറിൽ വിളിച്ച ആർക്കും വിശദമായി പരാതി പറയാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. ഭീഷണി ഭയന്ന് പരാതികൾ പറയാതിരുന്ന സ്ഥിതി വിശേഷം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ